# ACADEMIC MASTER PLAN

# 2025-26




Scanned with OKEN Scanner

# 1. ആമുഖം

അഴകം ഗ്രാമത്തിന്റെ സാമൂഹിക-സാംസ്കാരിക പുരോഗതിയിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുള്ള ഈ വിദ്യാലയം 1930-ലാണ് സ്ഥാപിതമായത്. എറണാകുളം ജില്ലയിൽ അങ്കമാലിക്കടുത്ത് മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സമൂഹത്തിന്റെ പല ഉന്നത തലങ്ങളിലും സേവിക്കുന്ന ധാരാളം പൂർവ്വവിദ്യാർത്ഥികളെ വാർത്തെടുക്കുവാൻ ഈ സരസ്വതിക്ഷേത്രത്തിന് സാധിച്ചിട്ടുണ്ട്.

അഴകം സെന്റ് മേരീസ് ഫൊറോന പള്ളിയുടെ ആഭിമുഖ്യത്തിൽ പുളിക്കൻ ഇട്ടൂപ്പ് സാറിന്റെ നേതൃത്വത്തിൽ കുടിപ്പള്ളിക്കൂടമായി ആരംഭിച്ച ഈ സ്ഥാപനം 1930-ൽ സർക്കാരിലേക്ക് വിട്ടുകൊടുത്ത് എൽ.പി.സ്കൂളായി ഉയർത്തി. 1983-ൽ യു.പി.സ്കൂളായി ഉയർത്തപ്പെട്ടു. ഇപ്പോൾ ഈ വിദ്യാലയം അങ്കമാലി ഉപജില്ലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഒട്ടേറെ അദ്ധ്യാപകവിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിച്ച് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു.



Scanned with OKEN Scanner

# ജി.യു.പി.എസ് അഴകം – അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ.യു.പി.എസ്. അഴകം |
| വിലാസം | : അഴകം പി.ഒ, മൂക്കന്നൂർ, അങ്കമാലി – 683577 |
| ഫോൺ | : 0484-2615858 |
| സ്കൂൾ കോഡ് | : 25453 |
| വിദ്യാഭ്യാസ ഉപജില്ല | : അങ്കമാലി |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ബി.ആർ.സി | : അങ്കമാലി |
| സി.ആർ.സി. | : അഴകം |
| ഗ്രാമപഞ്ചായത്ത് | : മൂക്കന്നൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : അങ്കമാലി |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാമണ്ഡലം | : അങ്കമാലി |
| താലൂക്ക് | : ആലുവ |
| വില്ലേജ് | : മൂക്കന്നൂർ |
| ഇ.മെയിൽ | : tcgupsazhakom@gmail.com |
| സ്കൂൾ വിക്കി | : Ernakulam (Revenue District), Aluva (Edl. District) GUPS Azhakam |

Scanned with OKEN Scanner

CLASS : I



# അക്കാദമിക
# മാസ്റ്റർപ്ലാൻ

2025-2026

Scanned with OKEN Scanner

# ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ആദ്യനത്തിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക. ക്ലാസ്സ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി സമയം ഉറപ്പുവരുത്തുക. ഓരോ ക്ലാസ്സിലെയും വിഷയത്തിലെ പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഭിന്നശേഷിക്കാർ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠനപിന്തുണ പോഷണ പരിപാടികൾ നടപ്പിലാക്കുക എന്നിവയെല്ലാം ഈ പദ്ധതിയിലുണ്ട്.

ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെ സമഗ്രവികസനമാണ് അധ്യാപകരും രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക്, അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനുള്ള അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ചിത്രശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതും ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധ തല പ്രവർത്തന

ൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി കാണാനാകും. വിവിധ പ്രവർത്തനപ്രക്രിയയിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും തുടർ പ്രവർത്തനസാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തിയ സാധ്യതകളിലൂടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുത്തുകാരാക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനുമുള്ള കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ | കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു. അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്ന

ദിനാഘോഷ ലഘുരചനാ ശില്പശാലകൾ നടത്തുന്നു.

* തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ്, മുതിർന്നവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയം പങ്കിട്ട് ചെറുകഥാകൃത്തുക്കൾ രൂപപ്പെടുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം നൽകുന്നു.

സർഗ്ഗശേഷികൾ വികസിക്കുന്നു.

* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
* പാത്രങ്ങൾ, റീഡേഴ്സ് തിയേറ്റർ എന്നിവയിലേർപ്പെടുന്നു.
* കുഞ്ഞു മിഠായി ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രോത്സാഹനം നേടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ഉത്പന്നം

## പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്ഷരം ബിഗ് പോസ്റ്റർ ബുക്ക് എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്ത ഡയറി, എന്നിവ ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമാണ ശില്പശാല.
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

## ജൂലൈ

പ്രവർത്തനം

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായന മൂല, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വർണങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം ഒരുക്കുന്നു

## ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

* ബിഗ്ബുക്ക് ചിത്രപുസ്തക നിർമാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം. ഇവ പ്രവർത്തനങ്ങൾ
* ഭാഷാ വികസനത്തിന് അവസരങ്ങൾ.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു

Scanned with OKEN Scanner

* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്താൻ ധൈര്യം നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയ ഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വന്തം രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വന്തം രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
* സ്വന്തം രചനകൾ അവതരിപ്പിക്കുന്നു.
* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു
* ദിനാചരണങ്ങളെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി

ന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

* സ്വാതന്ത്ര്യമായി വാക്കുകൾ ഉപയോഗിച്ച് ആശയങ്ങൾ ക്രമത്തോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* കൂട്ടെഴുത്ത് പതിപ്പ് പോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
*

## ജനുവരി

**പ്രവർത്തനങ്ങൾ**

1. എഴുത്തിന്റെ ലോകത്തേക്ക് നയിക്കുന്ന ലഘുരചനാശില്പശാലകൾ നടത്തുന്നു.
2. തീയറ്റർ സാധ്യതകൾ, വായന കാർഡുകൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
3. സംയുക്ത ഡയറിയിലെ മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.
4. കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു.
* മികവ് അവതരണം.

## ഫെബ്രുവരി

*
* രചനകൾ മാഗസിൻ ആക്കുന്നു.
* സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* തനിയെ രചനകൾ നടത്തുന്നു.

## മാർച്ച്

* കഥകൾ, കവിതകൾ എന്നിവ പുസ്തകരൂപത്തിലാക്കുന്നു.
* വീടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന ചങ്ങലവായന എന്നിവ ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പ്.

# ഗണിതം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിൽ ഗണിതത്തിന് വളരെ പ്രാധാന്യം നൽകുന്നു. ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ഭാഷയിലും ഏത് തരം പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിത ചിന്തകൾ പോക്കാതെ ദൃശ്യമാനത്തിൽ എത്തിക്കേണ്ടതാണ്. ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
* അഞ്ച് വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഒറ്റ സംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.

ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

* സംഖ്യകളെ ആരോഹണ അവരോഹണക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം
* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം.
* ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒറ്റ സംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
* ഒറ്റസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗ

ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* സംഖ്യാ കാർഡ് നിർമിക്കൽ

## ജൂലൈ

* ഗണിത പഠനത്തിന് സഹായകരമായ രീതിയിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.
* ഒന്നിനോടൊന്ന് കൂട്ടിയാൽ ഇരട്ട സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
* സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

* ഒറ്റസംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.

Scanned with OKEN Scanner

* ഉല്ലാസഗണിതപ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു.
* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നുമുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം പ്രദർശിപ്പിക്കൽ
* വില വിവരപ്പട്ടിക പോലുള്ള വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തീകരിക്കുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, മൂല്യം തിരിച്ചറിയുന്നു.

Scanned with OKEN Scanner

# ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam;

Objectives and learning outcomes

* Respond to simple instructions in the class room
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action
* Familiarise the names of birds, animals, their young ones and identifies them from pictures.

## JUNE

* Introduce symbol words
* Provides picture cards

## JULY

* Identify familiar words
* Say familiar words
* Read familiar words
* Write familiar words

## AUGUST

* Enjoy songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.

Scanned with OKEN Scanner

## SEPTEMBER

* Read and write simple words and simple sentence
* Provide picture cards and reading cards.

## OCTOBER

* Introduce symbol picture descriptions.
* Make word chain, sentence chain
* Make riddles
* Describing words, rhyming words
* Text book activities

## NOVEMBER

* Prepare reading cards
* Provide more opportunities to read, right and speak English.
* Write five English words daily.

## DECEMBER

* Read and understand simple instructions in the class room.
* Encourage digital reading.

## January

* Enjoy songs and sings them with rhythm and action
* Make picture album.
* Collect pictures of animals and its young one.

## FEBRUARY

* Provide opportunity to express myself in the class room.
* English assembly once in a week.

## MARCH

* Speaks English fluently.
* Read and write simple sentences.
* Picture reading and picture Description.

Scanned with OKEN Scanner

# പരിസര പഠനം

## ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധ തരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ മരങ്ങൾ, പൂക്കളുള്ളവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക്, വേര്, തണ്ട്, ഇല, കായ പൂവ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
* പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
* നിറം, രുചി, ആകൃതി, മണം, വലുപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.
* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ കണ്ടെത്തുന്നു.

## പ്രവർത്തനം

* പ്രകൃതി നടത്തം, ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു.
* പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു.
* ചെടികൾക്ക് വേര്, തണ്ട്, ഇല പൂവ്, കായ എന്നീ ഭാഗങ്ങൾ കണ്ടെത്തുന്നു.

## പ്രവർത്തനം

* സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു. പൂന്തോട്ടത്തിൽ ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു.

## ലക്ഷ്യം

ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു.

## പ്രവർത്തനം

* പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ

Scanned with OKEN Scanner


എന്നിവ കൊണ്ട് വരുന്നു.

* ആരോഗ്യത്തിന്റെയും ഒരു ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു.

* ശാസ്ത്രത്തിന്റെ സഹായത്തോടെ ഉപകരണങ്ങളും നിർമ്മിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ക്ലാസ്-2



Scanned with OKEN Scanner

ഗവ. യു. പി. സ്കൂൾ അഴൂരം.

അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

മലയാളം - ക്ലാസ് 2

പരിസരപഠനം, ഗണിതം.

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം വൈജ്ഞാനിക മേഖല, സർഗാത്മക മേഖല വൈകാരിക മേഖല, എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസിലെ മാസ്റ്റർപ്ലാൻ തയ്യാറാകുന്നത്. കുട്ടികൾക്ക് ശേഷി വികാസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയങ്ങളിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തരങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത് |
|---|---|---|---|---|
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക- സംവാദം. | വായനയുടെ ആഴം വർദ്ധിപ്പിക്കുക | HM, SRG Tr | വർഷം മുഴുവൻ | CPTA. |
| എഴുത്താം | എഴുത്ത് | SRG, ക്ലാസ് | പ്രതിമാസം | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്നു. | ക്ലാസ് ടീച്ചർ/ രക്ഷിതാവ് | ജൂൺ- മാർച്ച് | CPTA. |
| എഴുത്തുകാരുമായി സംവാദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| കണ്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ ICT | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | PTA. |

Scanned with OKEN Scanner

## ഭാഷാ പഠനം - ക്ലാസ് 2

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നതു വരെ | PTA |
| ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | പഠനം രസകരമാക്കും | HM, SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | HM, SRG Class Teacher | വർഷം മുഴുവൻ | PTA. |
| Class Reading, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക | HM, SRG Class Tr. | വർഷം മുഴുവൻ | PTA. |

Scanned with OKEN Scanner

ക്ലാസ് 2

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | SRG, ക്ലാസ് ടീച്ചർ PTA | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം. | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | SRG ക്ലാസ് ടീച്ചർ CPTA | ആവശ്യാനുസരണം. | |
| കിളിക്കൂട് | പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ നേരിട്ടറിയൽ | HM, SRG CPTA CLASS Tr | | PTA |
| സർഗോത്സവം / കലാവതരണം. | കുട്ടികളുടെ സർഗശേഷിയുടെ പ്രദർശനം | SRG CPTA class Tr. | വർഷത്തിലൊരിക്കൽ | PTA |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാ മികവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

Scanned with OKEN Scanner

ഇംഗ്ലീഷ് – ക്ലാസ് 2

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| അസംബ്ലി | ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | | വർഷം മുഴുവൻ | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ക്ലാസ് ടീച്ചർ | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം | ക്ലാസ് ടീച്ചർ | SMC | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത പരിപോഷണം രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ / മാസത്തിലൊരിക്കൽ. | SMC | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഫെസ്റ്റ് | നന്നായി<br>പറയുവാനും<br>എഴുതുവാനും<br>കഴിയുന്ന നില<br>വാരത്തിലെത്തി<br>ക്കൽ ഇംഗ്ലീഷ്<br>ഭാഷ കൈകാര്യം<br>ചെയ്യുന്നതിൽ<br>ആത്മവിശ്വാസം<br>ഉണ്ടാക്കൽ | അവധിക്കാലം | SMC, ക്ലാസ്<br>ടീച്ചർ | |
| | | | | |

ഗണിതം – ക്ലാസ് 2

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കാൻ (ചതുഷ്ക്രിയകൾ ലളിതമാക്കാൻ) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം. | ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ, കരചലനശേഷി വികാസം. | വർഷത്തിലൊരിക്കൽ. | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | ഗണിതപഠനം സുതാര്യമാക്കാൻ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ടീച്ചർ | PTA. |

ഗണിതം – ക്ലാസ് 2

| പ്രവർത്തനം | ലക്ഷ്യം | | | |
|---|---|---|---|---|
| ഗണിതച്ചുമർ | ഗണിതാശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിത മേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| | | | | |

Scanned with OKEN Scanner

അറിയാം ... അടുത്തറിയാം (പരിസരപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമഗ്രികൾ |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, SRG<br>CPTA<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രമേള | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | ആവശ്യാനുസരണം | HM, SRG<br>CPTA<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രക്വിസ് | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | HM, SRG<br>CPTA<br>ക്ലാസ് ടീച്ചർ. | |

STD II

## Academic Master plan - English

Aim : To Speak, Read & write English without any mistakes

Time : June, July, August.

June : pretest

To develop listening skills & reading skills first

### Listening Skills

Games, Action Songs, Hello English Activities, 2 Conversations, skit stories use ICT

### Speaking Skills

Discriptions, growing Sentences, picture reading, picture descriptions, self introductions, Assembly activities - Speech, book review, quiz riddles, Self introduction, School radio etc.

## July & August

### Reading Skills

News paper reading, library book reading book review, reading breaking news,

Scanned with OKEN Scanner

find words. Collect and read past tense, rhyming words, describing words etc, Text book Activities.

## Writing Skills.

Make word web, picture description, word chain sentence chain, make words and sentence, make riddles, Conversations Add more lines, develop story, description notice proclamation, diary, letter, Announcement, magazines,

←——x

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## STD 3

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| അക്ഷരസ്ഫുടതയോടെയും, അക്ഷരത്തെറ്റില്ലാതെയും മലയാള ഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ | പ്രീ-ടെസ്റ്റ് | ജൂൺ | മലയാളം അധ്യാപിക | |
| | ലളിതമായ വായനാക്കാർഡുകൾ വായന | ജൂൺ, ജൂലൈ, ആഗസ്റ്റ് | | |
| | വായനാക്കുറിപ്പുകൾ തയ്യാറാക്കൽ കൂടുതൽ വായനാക്കാർഡുകൾ. | വർഷം മുഴുവൻ | | |
| | കവിതകൾ, പാട്ടുകൾ ചൊല്ലി അവതരണം. | സെപ്റ്റംബർ, ഒക്ടോബർ | | |
| | കടങ്കഥ, പഴഞ്ചൊല്ല് അവതരണം. | വർഷം മുഴുവൻ | | |
| അക്ഷരത്തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി കൈവരിക്കൽ, | ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കുക (സംഭാഷണം, വിവരണം, പഴഞ്ചൊല്ല് ശേഖരണം, നാടൻപാട്ടുകൾ ശേഖരണം) | അധ്യയന വർഷം മുഴുവൻ | മലയാളം അധ്യാപിക | |
| വിവിധ ഭാഷാവ്യവഹാരങ്ങൾ ആസ്വദിക്കാനും രചന നടത്താനുമുള്ള ശേഷി കൈവരിക്കൽ. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചന നടത്തുക.<br>ജൂൺ 5 - പരിസ്ഥിതി ദിനം<br>ജൂൺ 19 - വായനാദിനം | ജൂൺ<br>ജൂൺ | മലയാളം അധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ആഗസ്റ്റ് 6 - ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 - നാഗസാക്കി ദിനം പോസ്റ്റർ<br>ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 - അധ്യാപകദിനം<br>ഒക്ടോബർ 2 - ഗാന്ധിജയന്തി<br>ഒക്ടോബർ 10 : ലോക തപാൽ ദിനം<br>നവംബർ 1 : കേരളപ്പിറവി<br>നവംബർ 14 : ശിശുദിനം | ആഗസ്റ്റ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>നവംബർ. | അധ്യാപിക. | |
| സർഗാത്മകത്വത്തിന് അവസരം നൽകുന്നു. | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ (കഥ, കവിത, ഡയറി, ചിത്രരചന, നാടകം, പ്രസംഗങ്ങൾ, സംഭാഷണം etc) | അധ്യയന വർഷം മുഴുവൻ | അധ്യാപിക | |

Scanned with OKEN Scanner

ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC SOURCES |
|---|---|---|---|---|
| To develop basic knowledge about English Language. | • pre-test • To study alphabets<br>• To improve vocabulary<br>• Simple words writing. | June<br>July | Teacher. | |
| To develop listening skills and reading skills. | • Action songs • Rhymes<br>• conversations.<br>• skit<br>• Story Telling | | Teacher. | |
| To create more opportunities for English speaking in the classroom. | Class room communication should be in English. | From June to March. | Teacher<br>Students. | |

Scanned with OKEN Scanner

| Aim | Activities | Duration | Charge | Economic Source |
|---|---|---|---|---|
| To develop creative Speaking and writing. | • Make Wordweb<br>• Picture description.<br>• Make riddles and conversations<br>• Add more lines.<br>• Speech, Book review, Quiz<br>• Self introduction, Magazinerck | June to March | Teacher | |
| To express thoughts, feelings etc. | • Develop story, rhymes<br>• Reading newspapers<br>• Writing Diary<br>• Library Books reading<br>• Conversations, Skit etc. | June to March | Teacher. | |

Scanned with OKEN Scanner

(1) ഗണിതം Std: 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ച് ധാരണ നൽകുന്നു | • പ്രീ ടെസ്റ്റ് <br> • ഈർക്കിൽ, കമ്പുകൾ, വള ഇവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമ്മിക്കുന്നു | ജൂൺ ജൂലൈ | അധ്യാപകൻ | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | • സംഖ്യാ പാറ്റേണുകൾ <br> • നാണയങ്ങൾ, കറൻസി നോട്ടുകൾ <br> • പാറ്റേണുകൾ (ഗണിതക്ലബ് | ആഗസ്റ്റ് | " | |
| ഉല്ലാകുട്ടികളിലൂടെ സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കാൻ | സെപ്റ്റംബർ | അധ്യാപകൻ | |
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ <br> • ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | " | |

std : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഗുണന വസ്തുക്കൾ നേടൽ | • മനക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ ജനുവരി | അധ്യാപകർ | |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ചെനിടി ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | അധ്യാപകർ. | |

## പരിസരപഠനം Std III

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണം പ്രകൃതിയെ അടുത്തറിയൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ. പരിസര നടത്തം. ജൈവവൈവിധ്യ ഉദ്യാനം സംരക്ഷിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| ശാസ്ത്രമൂല്യ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. കളക്ഷൻസ്, മോഡൽസ് എന്നിവ തയ്യാറാക്കൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG. |
| ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താല്പര്യം വർധിപ്പിക്കൽ. | ശാസ്ത്രപഠനത്തിന് സഹായകരമായ സ്ഥലങ്ങൾ സന്ദർശിക്കൽ. | ആവശ്യാനുസരണം | PTA SRG. |
| ഭൂപടമൊരുക്കം | ഭൂപട വായന, ഭൂപടരചന | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ. |

Scanned with OKEN Scanner

## ഗണിതം Std IV

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്ത് - നടപ്പിലാക്കൽ മൂല്യനിർണയം (ചെറിയതും വലുതും, ഡയസ് കളി, സങ്കലനം-വ്യവകലനം, ക്യൂബ് കളി) | ഗണിത പഠനം രസകരമാക്കൽ - (ചതുഷ്ക്രിയകൾ ഉറപ്പിക്കൽ) | വർഷം മുഴുവൻ | ഗണിത അധ്യാപകർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഉചിത സമയത്ത്. | ,, | |
| ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | | | | |

Scanned with OKEN Scanner

(2)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ലാബ് | ഗണിത പഠനം രസകരമാക്കാൻ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | അധ്യാപകൻ | |
| ഗണിതച്ചുമർ | ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | അധ്യാപകൻ | |
| ഗണിതച്ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | " | വർഷം മുഴുവൻ | അധ്യാപകൻ | |
| ഗണിത പഠനോപകരണ ശില്പശാല: പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണനിർമ്മാണം | ഗണിത പഠനം രസകരമാക്കൽ . | ജനുവരി | അധ്യാപകൻ | |
| ഗണിത മേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിലൊരിക്കൽ | | |
| ഗണിത പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനഉത്പന്ന പ്രദർശനം | | | അധ്യാപകൻ | |

# മലയാളം - Std IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | പ്രി-ടെസ്റ്റ് നടത്തുന്നു. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ, ചിഹ്നങ്ങൾ പദങ്ങൾ, വായനാകാർഡുകൾ പരിചയപ്പെടുത്തുന്നു. പ്രത്യേകം പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| വായനാശേഷി വളർത്തൽ. | വായിക്കാം വളരാം ക്ലാസ്സിൽ എല്ലാ ദിവസവും വായിപ്പിക്കുന്നു. ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം, വായനാക്കുറിപ്പ്, രചനാ പരിചയക്കുറിപ്പ് എന്നിവ തയ്യാറാക്കൽ. | ജൂൺ - മാർച്ച്. | ക്ലാസ്സ് ടീച്ചർ SRG. |

Scanned with OKEN Scanner

മലയാളം std IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പത്രവാർത്ത, സംഭാഷണം എന്നിവ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |
| സാഹിത്യകാരന്മാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുടെ ജീവചരിത്രക്കുറിപ്പ് വായിക്കുന്നു. സൂചനകളിൽ നിന്നും ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. ദിനാചരണങ്ങൾ. | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ SRG. |
| അറിവ്-ഡോക്യുമെന്ററി പ്രദർശനം | കഥകൾ, കവിതകൾ, സാഹിത്യകാരന്മാരെക്കുറിച്ചുള്ള ഡോക്യുമെന്ററി (ICT) പ്രദർശനം | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ SRG. |

Scanned with OKEN Scanner

# പരിസരപഠനം Std: IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ SRG |
| ശാസ്ത്രമൂല്യ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ SRG |
| ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | ശാസ്ത്രപഠനത്തിനു സഹായകമായ സ്ഥലങ്ങൾ സന്ദർശിക്കൽ. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ SRG. |
| ഭൂപടമൊരുക്കാം കേരളം- ഭൂപട സൂചികാ പരിചയപ്പെടൽ | ഭൂപടവായന, ഭൂപടരചന സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ശാസ്ത്ര വിഷയ ചുവർ ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്രോത്സവം ശാസ്ത്രപഠന ത്തിലൂടെ നേടിയ അറിവു കളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊ രിക്കൽ. | SRG ക്ലാസ്സ് ടീച്ചർ |
| ശാസ്ത്രമാസിക ശാസ്ത്ര പഠന ത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊരി ക്കൽ. | ക്ലാസ്സ് ടീച്ചർ. |

ENGLISH - Std: IV

| Aim | Activities | Duration | charge |
| --- | --- | --- | --- |
| To Improve the skills in English Listening Speaking Skills | Pre-test | June | |
| | Language games. Action Songs Hello English Activities. Conversations, Rhymes. Listen to simple stories | June to March | class Teacher |
| | Identify the naming words from the picture Makes simple sentences about the picture Presents description of the picture. Self Introduction Conversation Roleplay | June to March | class Teacher |

Scanned with OKEN Scanner

| | | | |
|---|---|---|---|
| Reading Skills | Reading Cards<br>Read simple Poems<br>Read short stories.<br>Find new words from the stories<br>Find Rhyming words from the poem. | June - March | |
| Writing skills | Makes word web from the reading cards.<br>· Picture description<br>· Writes conversation based on the story.<br>· Make riddles<br>· Add more lines to the poem | | |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## UP - മലയാളം

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം സ്വന്തമാക്കാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | * കുട്ടികളുടെ അവധിക്കാല അനുഭവങ്ങൾ കുറിപ്പായി അവതരിപ്പിക്കുന്നു.<br>* ക്ലാസ് റൂം ലൈബ്രറി- പുസ്തക വായന<br>* വായനാദിന ക്വിസ്, പദ്യപാരായണം, പോസ്റ്റർ പലവിധത്തിലൂടെ ഭാഷാശേഷി വികസന പരിപാടികൾ നടത്തുന്നു. | ജൂൺ | മലയാളം അധ്യാപിക. | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | * പാഠം, കവിത മാസിക എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>* പത്രവാർത്ത അടിസ്ഥാനത്തിൽ ക്വിസ് - daily. | എല്ലാ ദിവസവും | മലയാളം അധ്യാപിക. | |
| | * ഓരോ മാസവും ആ മാസത്തെ പ്രധാന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ക്വിസ് | മാസ അവസാനം. | മലയാളം അധ്യാപിക. | |

| | | | | |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | * സംവാദം - അഭിമുഖം<br>* പ്രശസ്ത സാഹിത്യകാരൻമാർ, കലാകാരൻമാർ എന്നിവരുമായുള്ള സംവാദം, അഭിമുഖം | ജൂലൈ | മലയാളം അധ്യാപിക | |
| | * സാഹിത്യകാരൻമാരെ പരിചയപ്പെടൽ | അധ്യയന വർഷത്തിൽ | | |
| | * ചുമർപത്രിക തയ്യാറാക്കൽ | പ്രതിമാസം | | |
| | * സാഹിത്യ ക്വിസ്. | " | | |
| | * പോസ്റ്റർ നിർമ്മാണം | " | | |
| | * ലൈബ്രറി സന്ദർശനം. | ജൂലൈ | | |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വർഷാവസാനം വരെ. | | |
| | * ശിൽപശാലകൾ നടത്തുന്നു. | ഫെബ്രു മാസം | | |

# UP

# മലയാളം

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ
## (UP - മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ① ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ചെറിയ ചെറിയ വിവരണങ്ങൾ എഴുതിക്കുന്നു.<br>എന്റെ അവധിക്കാലം<br>എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട യാത്രകൾ<br>മഴയെക്കുറിച്ച് കഥ, കവിത<br>ഏറ്റവും സന്തോഷം തോന്നിയ എന്തെങ്കിലും അനുഭവങ്ങറിച്ച്<br>(സങ്കടം നിറഞ്ഞതും ആകാം)<br>ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ എഴുതിച്ച് അക്ഷരബുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുക | ജൂൺ. | മലയാളം അധ്യാപകൻ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 2. അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br><br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾതല-പ്രവർത്തനങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും. | മലയാളം അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| (3) സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടുമുള്ള നല്ല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള നേരിട്ടുള്ള സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| (4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കുക, സർഗാത്മക ശേഷി വളർത്തുകയും. | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | വർഷം മുഴുവനും. | മലയാളം അധ്യാപകർ, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ്. |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | മലയാളം ക്ലബ്ബ് അധ്യാപകർ | മലയാളം ക്ലബ്ബ്. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ ഇടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | മാസത്തിൽ ഒന്ന് | പി.ടി.എ സ്കൂൾ. | പി.ടി.എ. |

# GOVT. U P SCHOOL AZHAKOM

EST: 1930 STD I - VII

## CLASS V ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • Lend your Ear : ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | • Follow Me If You can! ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക | |
| | • Breaking News ഇംഗ്ലീഷിൽ റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപിക | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | | | |
| | • Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ മാറ്റം ചെയ്ത സംഭാഷണ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക | |
| | • Treasure Hunt<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | Meet the foreigner<br>അന്യ ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപിക | |
| | • One Man Show<br>അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | • I Too can !!<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക | |
| | • Learning Ladder<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കയറുവാൻ | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സർഗ്ഗാത്മ ഉദ്ദീപിക്കുകയും ചെയ്യുന്നു<br>• FM കോർണർ വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപിക | |
| | • Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപിക | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | • My droplets<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപിക | |
| | • Alert zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | • Run Baby Run<br>ക്ലാസിനെ ടീമുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരിക്കൽ വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും കൂടുതൽ വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ടീമിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപിക | |
| | • Fun time funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, കളികൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | എല്ലാ ഇംഗ്ലീഷ് പീരിയഡും | ഇംഗ്ലീഷ് അധ്യാപിക | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | • The Grand camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ്. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം. 5-ാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്, 6ാം റോൾ പ്ലേ, നാടകം എന്നിവ. 7-ാം ക്ലാസിന് കവിതയുടെ പ്രസംഗം. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി / ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ ഭാരവാഹികൾ, രക്ഷിതാക്കൾ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| SL.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും സംഖ്യകളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്.<br>• ഉച്ചാരണം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം<br>• ഓൺ ലൈൻ അക്ഷരമാല പ്രദർശനം. കളികൾ.<br>• ഓൺ ലൈൻ അക്കങ്ങളുടെ കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• class ൽ നിറങ്ങളുടെ പ്രദർശനം.<br>• ദിനങ്ങളുടെയും മാസങ്ങളുടെയും പ്രദർശനം.<br>• വാക്യങ്ങളുടെ നിർമ്മാണം.<br>• HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST | June to August | • അക്ഷര ചാർട്ട്<br>• അക്ക ചാർട്ട്<br>• പാഠപുസ്തകം | BRC DIET SCERT (ആവശ്യമെങ്കിൽ) Resource Teachers |

| | | | | | |
|---|---|---|---|---|---|
| | | നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. | | | |
| 2. | വീട് ഒരു പരീക്ഷണശാല [കാണുന്നതും കേൾക്കുന്നതും വളർത്തുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക] | • വീട്ടിൽ ഉപയോഗിക്കുന്നഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• വീട്ടിൽ വളർത്തുന്നതും ചുറ്റുപാടുമുള്ള മൃഗങ്ങളുടെയും പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• വാഹനങ്ങളുടെ പേരുകൾ ഹിന്ദിയിൽ തയ്യാറാക്കൽ.<br>• പഴങ്ങളുടെയും പച്ചക്കറികളുടെയും പേരുകൾ ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to october | ഹിന്ദി നിഘണ്ടു | PTA, BRC Resource Teacher |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ തെ-<br>റ്റുകൂടാതെ<br>പ്രകടിപ്പിക്കാ-<br>നും സർഗാത്മ<br>കരചനകൾ<br>വികസിപ്പിക്കാനു<br>മുള്ള അവസരം<br>[സുരീലി ഹിന്ദി] | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ [പ്രത്യേകി-<br>ച്ച് സെപ്റ്റംബർ 14, ജനുവരി<br>10]<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ<br>• ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ വികസിപ്പിക്കൽ<br>• സുരക്ഷിത യാത്രയെക്കുറിച്ചു-<br>ള്ള ബോധവൽക്കരണം.<br>• സൂചന ബോർഡ് തയ്യാറാ-<br>ക്കൽ<br>• സംഭാഷണം തയ്യാറാക്കൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്ത<br>നങ്ങൾ. | November<br>to<br>february | പുസ്തക-<br>ങ്ങൾ | BRC DIET<br>PTA SCERT |

Scanned with OKEN Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ

UP - Basic Science

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താല്പര്യം വളർത്തുന്നതിന് പ്രകൃതിയെ പാഠപുസ്തകമാക്കുന്നതിനുള്ള മനോഭാവം വളർത്തുന്നതിനും. | * സ്കൂളിൽ തൈകൾ വച്ചുപിടിപ്പിക്കൽ<br>* കാർഷിക ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു.<br>* കീടനിയന്ത്രണ മാർഗങ്ങൾ പ്രയോഗിക്കുന്നു.<br>* Layering, demo. ചെയ്യുന്നു. | ജൂൺ | സയൻസ് അധ്യാപിക. | |
| 2) രാസവസ്തുക്കളും ഉപകരണങ്ങളും ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യാനുള്ള മനോഭാവം വളർത്തുന്നതിന്. | * പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നു.<br>* പ്രകൃതിയിലുള്ള വസ്തുക്കളെ പരീക്ഷണത്തിനായി കണ്ടെത്തുന്നു. | ജൂലൈ | " | |
| 3) വൈദ്യുതി പാഴാവുന്ന സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് അതൊഴിവാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും | * ബൾബ് നിർമ്മാണം കുട്ടികൾ സ്വയം ചെയ്യുന്നു.<br>* ബോധവൽക്കരണ ക്ലാസ്<br>* പോസ്റ്റർ നിർമ്മാണ മത്സരം. | ആഗസ്റ്റ് | " | |

| | | | | |
|---|---|---|---|---|
| ഊർജ്ജസംരക്ഷണ മനോഭാവം വളർത്തുന്നതിനും. | * എമർജൻസി ലാമ്പ് നിർമ്മിക്കുന്നു.<br>* വൈദ്യുതി പാഴാവുന്ന സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് ചർച്ച ചെയ്യുന്നു. | | | |
| 4) നല്ല ആഹാരശീലവും ശുചിത്വശീലവും പാലിക്കുന്നതിനും ലഹരിക്ക് എതിരെ നിലപാട് എടുക്കുന്നതിനുള്ള മനോഭാവം വളർത്തുന്നതിനും. | * ശുചിത്വ ബോധവത്കരണ ക്ലാസ്<br>* ലഹരിവിരുദ്ധ ക്ലാസ്<br>* പോഷകമൂല്യമുള്ള ഭക്ഷണങ്ങളുടെ ചാർട്ട് - food Plate.<br>* മില്ലറ്റുകൾ ഉൾപ്പെടുന്ന ചാർട്ട് പരിചയപ്പെടുത്തൽ<br>* ഭക്ഷ്യമേള - നല്ല പോഷകമൂല്യമുള്ള ഭക്ഷണം. | ജൂൺ<br>ഒക്ടോബർ | | |
| 5) മൈക്രോസ്കോപ്പ്, സ്റ്റെതസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ വിവിധ ഹൃദയതാളങ്ങൾ നിലനിർത്തുന്നതിന് | * സ്ലൈഡുകൾ നിരീക്ഷണം<br>* രക്തകോശ നിരീക്ഷണം<br>* ഉള്ളിത്തൊലി നിരീക്ഷണം<br>* സ്റ്റെതസ്കോപ്പ് മോഡൽ നിർമ്മാണം<br>* ഹൃദയ സംബന്ധമായ | ജൂൺ<br>സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| ബോധവൽക്കരണ ഉപാധികൾ നിർമ്മി-ക്കുന്നതിന്. | അസുഖങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്<br>* കൊഴുപ്പടങ്ങിയ വസ്തുക്കൾ ഉപയോഗിക്കേണ്ട വിധം-ചർച്ച. | | | |
| 6) പ്രകൃതിപ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നതിനും അവയുടെ കാരണങ്ങൾ അന്വേ-ഷിക്കുന്നതിനുള്ള മനോഭാവം വളർത്തുന്നതിനും പ്രകൃതി പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കുന്നതിനും. | * ICT യിലൂടെ വീഡിയോ നിരീക്ഷണം<br>* പരീക്ഷണ നിരീക്ഷണം<br>* ചിത്രവിശകലനം.<br>* ബഹിരാകാശ ക്വിസ്<br>* ബഹിരാകാശ ദൗത്യങ്ങളെ കുറിച്ചുള്ള വിവരശേഖരണം<br>* ആൽബം തയ്യാറാക്കൽ. | നവംബർ | | |
| 7) നിരീക്ഷണത്തിലൂടെ എണ്ണത്തിൽ കുറവ് സംഭവിച്ചുകൊണ്ടിരി | * ജൈവവൈവിധ്യ ഉദ്യാനം സന്ദർശിക്കൽ<br>* ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം | ഡിസംബർ | | |

| | | | | |
|---|---|---|---|---|
| കുന്ന സസ്യങ്ങളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും അവയെ സംരക്ഷിക്കേണ്ടതാണെന്ന മനോഭാവം രൂപപ്പെടുത്തുകയും ചെയ്യുന്നു | + ICT - ചിത്രനിരീക്ഷണം<br>+ എണ്ണത്തിൽ കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളുടെ ചിത്രങ്ങൾ / പേരുകൾ കണ്ടെത്തുന്നു. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## UP - സയൻസ്

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | * ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>* ശലഭോദ്യാന സന്ദർശനം.<br>* വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ.<br>* സയൻസ് കിറ്റിലേക്ക് ആവശ്യമുള്ള വസ്തുക്കൾ പ്രകൃതിയിൽ നിന്ന് ശേഖരിക്കുന്നു.<br>* മൈക്രോസ്കോപ്പ് ഉപയോഗിച്ച് നിരീക്ഷിക്കൽ. | | | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | * പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ഹാളിൽ പ്രദർശനം<br>* ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് റോക്കറ്റ് നിർമ്മിക്കുന്നു.<br>* working models exhibition നടത്തുന്നു. | | | |

| | | | | |
|---|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | * ശാസ്ത്ര ശില്പശാല നടത്തുന്നു.<br>* തളിര് - ശാസ്ത്രമാസികയിലെ ശാസ്ത്രവുമായി ബന്ധപ്പെട്ട കുറിപ്പുകൾ പങ്കുവയ്ക്കുന്നു.<br>* ശാസ്ത്ര ലൈബ്രറി ക്ലാസിൽ.<br>* ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ പ്രദർശനം. | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

UP - Social Science.

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, രേഖപ്പെടുത്തൽ. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കൽ | * വെർച്വൽ ഫീൽഡ് ട്രിപ്പ്<br>* ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം.<br>* ലോകരാജ്യങ്ങൾ, വൻകരകൾ, സംസ്ഥാനങ്ങൾ, നദികൾ, സമുദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന അറിവുകൾ പരിശോധിക്കുന്നതിനായി Memory test-കൾ നടത്തുന്നു.<br>* ശിലായുഗ മാതൃക നിർമ്മിക്കൽ/ മ്യൂസിയം ഒരുക്കൽ. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപിക. | |
| 2) ആദിമ മനുഷ്യരുടെ സംസ്കാരത്തെ പറ്റി ബോധവാന്മാരാക്കുക. അവരുടെ ജീവിതരീതി, ഭക്ഷണം, വസ്ത്രം തുടങ്ങിയ രീതികൾ മനസ്സിലാക്കൽ | കഴിഞ്ഞകാലങ്ങളിൽ ധാന്യ സംഭരണത്തിനും ഭക്ഷണം പാകം ചെയ്യുവാനുമായി ഉപയോഗിച്ചിരുന്ന പാത്രങ്ങൾ, സംഭരണികൾ എന്നിവ ശേഖരിച്ച് വിദ്യാലയത്തിൽ ഒരു മ്യൂസിയം ഒരുക്കുന്നു. | ജൂൺ ജൂലായ് | " | |

| | | | |
|---|---|---|---|
| 3) ജനാധിപത്യപരമായ ജീവിതരീതി പരം രൂപപ്പെടുന്നു. | * ഗ്രാമസഭയിൽ പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.<br>* സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി രീതികൾ എടുക്കൽ എന്നിവ മനസ്സിലാക്കുന്നു.<br>* പൊതുമുതൽ സംരക്ഷണം ഉറപ്പാക്കൽ | അനന്തര് | S.S<br>ആസൂത്രി |
| 4) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | * വെള്ളപ്പൊക്കം, ഭൂമികുലുക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം മുതലായ പ്രകൃതിദുരന്തങ്ങൾ വഴിയും, അപകടങ്ങൾ, വ്യവസായ ശാലകളിലെ ദുരന്തങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത ദുരന്തങ്ങൾ വഴിയും ദുരിതം വന്നിട്ടുള്ളവരെ സന്ദർശിക്കുന്ന അവർക്കാവശ്യമായ സഹായ സേവനങ്ങൾ ചെയ്യാനുള്ള അവസരം ഒരുക്കുന്നു.<br>* പരസ്പരസഹകരണം [illegible] | ഒരു മാസം | " |

| | | | | |
|---|---|---|---|---|
| [illegible]) ദാരിദ്ര നിർമ്മാർജ്ജനത്തിന് കുടുംബശ്രീ പോലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാകുന്നു എന്ന് മനസ്സിലാക്കുന്നതിന്; മറ്റ് ദാരിദ്രനിർമ്മാർജ്ജന പദ്ധതികളെ പറ്റി അറിയുന്നതിന്. | * കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു.<br>* കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു.<br>* സെമിനാർ നടത്തുന്നു. | ഒക്ടോബർ | S.S അദ്ധ്യാപിക | |
| 6) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങൾ, പോക്സോ നിയമങ്ങൾ എന്നിവയെ പറ്റി വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | * സൈബർ സുരക്ഷാ ക്ലാസ്<br>* പോക്സോ ബോധവൽക്കരണ ക്ലാസ്<br>* ട്രാഫിക് നിയമങ്ങളെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്<br>* ലഹരി ബോധവൽക്കരണ ക്ലാസ്<br>* ഡിജിറ്റൽ ഡിസിപ്ലിൻ ക്ലാസുകൾ | നവംബർ | " | |

| | | | | |
|---|---|---|---|---|
| 1) ഭക്ഷ്യമേള പ്രചാരണം ചെയ്യുക, പ്രത്യേകതകൾ പ്രതിപാദിക്കുക.<br>* ആരോഗ്യകരമായ ഭക്ഷണശീലത്തെ പ്രചരിപ്പിക്കുക. | * കുട്ടികളുടെ പരിസരത്തു നിന്ന് ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ കൊണ്ടു വന്ന് പങ്കിട്ട് കഴിക്കൽ.<br>* ആരോഗ്യകരമായ ഭക്ഷണശീലം എന്ന വിഷയത്തിൽ ആരോഗ്യപ്രവർത്തകനുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | ഡിസംബർ | SS | അസംബ്ലി |
| 2) ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | * സ്പെഷ്യൽ സ്കൂൾ സന്ദർശനം<br>* അവർ നേരിടുന്ന പ്രതിസന്ധികൾ പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്. | ജനുവരി | 〃 | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## UP - സോഷ്യൽ സയൻസ്

Scanned with OKEN Scanner

UP Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | * ഭൂപടവായന<br>* നിശബ്ദ ഭൂപടം<br>* ഇന്ത്യ, കേരളം map വരച്ച് അടയാളപ്പെടുത്തൽ<br>* കറൻസി നോട്ടുകളിലെ UNESCO പൈതൃകപട്ടികയിലെ സ്മാരകങ്ങൾ കണ്ടെത്തൽ<br>* ഡൽഹി ഭരിച്ച രാജാക്കൻമാരെ കുറിച്ച് ആൽബം തയ്യാറാക്കൽ<br>* വായനാകാർഡ് (പൈതൃകപട്ടികയിലെ സ്മാരകങ്ങൾ, സ്ഥലങ്ങൾ)<br>* ICT ഉപയോഗിച്ച് ഡൽഹിയിലെ ചരിത്ര സ്മാരകങ്ങൾ, നദികൾ എന്നിവ പ്രദർശിപ്പിക്കുന്നു.<br>* flowchart നിർമ്മാണം. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 2, പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | * ചരിത്രസ്മാരകസന്ദർശനം നടത്തിയ ആളുകളുടെ അനുഭവം പങ്കുവയ്ക്കുന്നു. വീഡിയോസ് കാണിക്കുന്നു.<br>* ഫീൽഡ് ട്രിപ്പ് നടത്തുന്നു. | ജൂൺ | | |
| 3, ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | * ഗ്രാമസഭ, ഹരിതസഭ, എന്നിവയിൽ പങ്കാളികളാക്കുന്നു.<br>* ജനാധിപത്യ രാജ്യങ്ങളുടെ കടമകളും കർത്തവ്യങ്ങളും മനസ്സിലാക്കുന്നു. | ജൂലൈ | | |
| 4) പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | * പ്രകൃതിദുരന്തങ്ങളെ ICT യിലൂടെ പരിചയപ്പെടുത്തുന്നു.<br>* ബോധവൽക്കരണ ക്ലാസ് നടത്തുന്നു.<br>* രക്ഷാപ്രവർത്തനം എങ്ങനെ നടത്താം എന്ന് വിശദീകരിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5) മിതവ്യയശീലം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | * സ്കൂളിൽ സേവിംഗ്സ് സ്കീം തുടർച്ചയായി നടത്തിവരുന്നു. | ജൂൺ | | |
| 6) പ്രകൃതിയെ സ്നേഹിക്കുവാൻ പഠിക്കുന്നു. സംരക്ഷിക്കുവാൻ പഠിക്കുന്നു. | * പരിസ്ഥിതി ദിനത്തിന് മരങ്ങൾ വച്ചുപിടിപ്പിക്കുന്നു. കുട്ടികൾക്ക് തൈവിതരണവും ചെയ്യുന്നു. <br> * പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിനെ കുറിച്ച് ചർച്ചയും, ക്വിസും നടത്തുന്നു <br> * പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. <br> * വയലുകൾ, കാടുകൾ, കാവുകൾ സന്ദർശനം. <br> * പൂന്തോട്ട നിർമ്മാണം. <br> * കർഷകദിനം - കർഷകരുമായി സംവാദം - സംഭാഷണം. | | | |

| | | | | |
|---|---|---|---|---|
| 7) സാമൂഹ്യപരിഷ്കർത്താക്കൾ നമ്മുടെ രാജ്യത്തിന് വേണ്ടി പ്രവർത്തിച്ച് അനീതിയിൽ നിന്നും നീതിയിലേക്ക് കൊണ്ടുവന്നത് മനസ്സിലാക്കുന്നു. | * വായനാകാർഡ് തയ്യാറാക്കുന്നു.<br>* ചാർട്ടിൽ സാമൂഹ്യപരിഷ്കർത്താക്കളുടെ ചിത്രങ്ങളും വിവരണങ്ങളും എഴുതി പ്രദർശനം<br>* സാമൂഹ്യപരിഷ്കർത്താക്കളുടെ സംഭാവനകൾ വിശദമാക്കുന്ന പ്രവർത്തനങ്ങൾ ICT സഹായത്തോടെ പ്രദർശിപ്പിക്കുന്നു. | | | |

# UP

# ഗണിതം

Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തികം |
| --- | --- | --- | --- | --- |
| ① അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പ് വരുത്തുന്നു. | ക്ലിനിക്കിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ. | |
| (2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത പഠിക്കപ്പെടുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| (3) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ക്ലാസ്സുകളിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം. | ഗണിത അധ്യാപകരും ഗണിത ക്ലബ് അംഗങ്ങളും. | ഗണിതക്ലബ്, പി.ടി.എ. |
| 4) ഗണിതം മധുരമാക്കൽ. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ. | | | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (5) ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടു/മൂന്നോ തവണ. | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ. | പി.ടി.എ. |
| (6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. (CIT - സാധ്യതകൾ) | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ, ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒന്ന്. | ഗണിത അധ്യാപകർ. | |
| (7) ഗണിതത്തിൽ പിൻനിരയിൽ നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8) വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസത്തിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG. | |

Scanned with OKEN Scanner